**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1424** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>തിങ്ക് ടാങ്ക് സംവിധാനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നീതി ആയോഗ് മാതൃകയിൽ പ്ലാനിംഗ് ബോർഡ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** ഇല്ല

**(ബി)** പ്ലാനിംഗ് ബോർഡിന് ബദലായാണോ ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ച തിങ്ക് ടാങ്ക് സംവിധാനം രൂപപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ തുടരുന്നതിനോടൊപ്പം മുൻഗണനാ പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും ആശയങ്ങളെ പ്രായോഗിക പദ്ധതികളായി മാറ്റുന്നതിനുമായി സിവിൽ സൊസൈറ്റി സംഘടനകളും സംസ്ഥാന സർക്കാരും തമ്മിലുള്ള ഒരു കണ്ണിയായി പ്രവർത്തിക്കുവാൻ കൂടി ഉതകുന്ന തരത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിനെ സർക്കാരിന്റെ ഒരു 'തിങ്ക് -ടാങ്ക് ' (ചിന്താ സമിതി) ആയി പുനഃസംഘടിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**(സി)** സംസ്ഥാനത്തിന്റെ വികസനത്തിന് നിർണ്ണായക പങ്കുവഹിച്ച പ്ലാനിംഗ് ബോർഡും പഞ്ചവത്സര പദ്ധതികളും തുടരുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ വികസനത്തിന് നിർണ്ണായക പങ്കുവഹിക്കുന്ന പ്ലാനിംഗ് ബോർഡും പഞ്ചവത്സര പദ്ധതികളും തുടരുന്നതാണ്.

**സെക്ഷൻ ഓഫീസർ**